(എ) കോഴിക്കോടുനിന്നും ഉള്ള്യേരി-തൊട്ടിൽപാലം-മാനന്തവാടിവഴി ബാംഗ്ളൂരിലേക്കും മൈസൂരിലേക്കും കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് അന്തർ സംസ്ഥാന ബസ് റൂട്ടുകൾ സംബന്ധിച്ച ചർച്ചകളിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. പുതിയ കരാറിനായി കർണ്ണാടക ട്രാൻസ്പോർട്ട് അധികൃതരുമായി ചർച്ചകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ജില്ലയിലെ ഗ്രാമപ്രദേശങ്ങളിൽ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ്

64 [1389] *ശ്രീ. ചെർക്കളം അബ്ദുള്ള:*

,, സി. റ്റി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ ഗ്രാമപ്രദേശങ്ങളിലേക്ക് കെ. എസ്. ആർ. ടി. സി. ബസ് ഓടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ജില്ലയിൽ അത്തരം എത്ര റൂട്ടുകളിൽ ബസ്സ് ഓടിക്കുന്ന കാര്യം പരിഗണനയിലുണ്ട്?

ഉത്തരം

(എ) നിലവിൽ ടി ജില്ലയുടെ ഗ്രാമപ്രദേശങ്ങളിൽക്കൂടി കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) പുതിയ സർവ്വീസുകളുടെ കാര്യം പരിഗണിക്കുന്നതാണ്.

മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിന്റെ പുതിയ ഓഫീസുകൾ

65 [1390] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) താലൂക്ക് അടിസ്ഥാനങ്ങളിലല്ലാതെ മറ്റെവിടെയെങ്കിലും മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിന്റെ ഓഫീസുകൾ നിലവിലുണ്ടോ;

(ബി) വാഹനങ്ങളുടെ എണ്ണവും വാഹന സംബന്ധമായ ജനങ്ങളുടെ ആവശ്യവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പിന്റെ പുതിയ ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ഓഫീസുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മോട്ടോർ വാഹന വകുപ്പിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) വാഹനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, പൊതുജനങ്ങളുടെ വാഹന സംബന്ധമായ ആവശ്യങ്ങൾ തുടങ്ങിയവ കണക്കിലെടുത്താണ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത്.

കെ. എസ്. ആർ. ടി. സി. യിൽ പി. എസ്. സി. നിയമനം ലഭിച്ചവർക്ക് വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം ശമ്പളം നൽകാൻ നടപടി

66 [1391] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ലിസ്റ്റിൽനിന്നും കെ. എസ്. ആർ. ടി. സി. യിൽ പുതിയതായി നിയമനം നൽകിയ കണ്ടക്ടർമാർക്ക് നൽകി വരുന്ന ശമ്പളം എത്രയാണെന്ന് പറയാമോ;

(ബി) പി. എസ്. സി. ലിസ്റ്റിൽനിന്നും പുതുതായി നിയമനം നൽകിയ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) പി. എസ്. സി. വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഈ ജീവനക്കാർക്ക് വിജ്ഞാപനത്തിൽ പറയുന്ന ശമ്പളം നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly